Santhigiri

ഗുരുവാണി

"സമ്പത്ത് ഉണ്ടാക്കാൻ എളുപ്പമാർഗ്ഗമെന്തെന്ന് അന്വേഷിക്കുക മാത്രമാണ് നാം ചെയ്യുന്നത്. ഇങ്ങനെ സമ്പത്തുണ്ടാക്കാൻ പഠിക്കുന്നവരുടെ മക്കൾ എന്തായിത്തീരും ? "

# ഉമ്മിണിതങ്കം

VOL 05 | ISSUE 31 | 2019 ആഗസ്റ്റ് 04 | 1194 കർക്കിടകം 19

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## 'നവപൂജിതം' സൗഹൃദക്കൂട്ടായ്മ ആഗസ്റ്റ് 10 മുതൽ

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആശ്രമ പരിസരത്തുള്ള 12 യൂണിറ്റുകളിൽ ആഗസ്റ്റ് 10 മുതൽ 28 വരെ സൗഹൃദക്കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. സമീപപ്രദേശങ്ങളിലുള്ള കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വൈകുന്നേരം 5 മുതൽ 6 മണിവരെയാണ് സൗഹൃദക്കൂട്ടായ്മ നടത്തുന്നത്. കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

ആഗസ്റ്റ് 10ന് ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മിപുരം,17ന് കാഞ്ഞാംപാറ, ജനസേവികപുരം, 18ന് പോത്തൻകോട്, ആനന്ദപുരം, സ്നേഹപുരം, 24ന് രത്നഗിരി, 25ന് ശാന്തിപുരം, കരുണപുരം, 28ന് ജ്യോതിപുരം, പാലോട്ടുകോണം യൂണിറ്റുകളിലാണ് സൗഹൃദക്കൂട്ടായ്മ സംഘടിപ്പിക്കുന്നത്.

## 'മാറുന്ന കാലം മാറുന്ന കാഴ്ചകൾ' പുസ്തക പ്രകാശനം ആഗസ്റ്റ് 7ന്

**തിരുവനന്തപുരം :** ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി രചിച്ച് ശ്രേഷ്ഠാ പബ്ലിക്കേഷൻസ് പുറത്തിറക്കുന്ന 'മാറുന്ന കാലം മാറുന്ന കാഴ്ചകൾ' പുസ്തകത്തിന്റെ പ്രകാശനം ആഗസ്റ്റ് 7 വൈകുന്നേരം 4 മണിക്ക് മസ്ക്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിൽ വെച്ച് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല നിർവ്വഹിക്കും. ഒ.രാജഗോപാൽ എം.എൽ.എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കെ.റ്റി.ഡി.സി. ചെയർമാൻ എം.വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തും. മോഹൻദാസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടർ റാണി മോഹൻദാസ് ആശംസ അർപ്പിക്കും. സിന്ദൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല സ്വാഗതവും എൻ.കെ.വിജയകുമാർ കൃതജ്ഞതയും അർപ്പിക്കും.സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറുമൊഴി പറയും.




കാഴ്ചകൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്, കാരണം കാലം അതിവേഗത്തിൽ മാറുന്നു എന്നത് തന്നെയാണ്. അറിഞ്ഞുകൊണ്ട് വിവരക്കേട് കാട്ടുന്ന രീതി നാട്ടിൽ വർദ്ധിച്ചുവരുന്നു, എന്നതുപോലെ തന്നെ എല്ലാ രംഗത്തും വിരോധാഭാസങ്ങളും അവസരവാദങ്ങളും ഏറുകയാണ്. ഇന്ന് നാം കാണുകയും കേൾക്കുകയും ചെയ്യുന്ന ഇത്തരം വിഷയങ്ങളിന്മേലുള്ള സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നിരീക്ഷണലേഖനങ്ങളാണ് ഈ പുസ്തകം.



അടൽ ടിങ്കറിംഗ് ലാബ് അടൂർ പ്രകാശ് എം.പി. ഉദ്ഘാടനം ചെയ്യുന്നു

## ശാന്തിഗിരി വിദ്യാഭവനിൽ അടൽ ടിങ്കറിംഗ് ലാബ് പ്രവർത്തനമാരംഭിച്ചു

**എജ്യൂക്കേഷൻ സോൺ :** കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക, പരിപോഷിപ്പിക്കുക എന്നീ വിഷയങ്ങൾ മുൻനിർത്തിയുള്ള കേന്ദ്രസർക്കാർ സംരംഭമായ അടൽ ടിങ്കറിംഗ് ലാബ് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ പ്രവർത്തനം ആരംഭിച്ചു. ലാബിന്റെ ഉദ്ഘാടനം അടൂർ പ്രകാശ് എം.പി. നിർവ്വഹിച്ചു. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കുട്ടികൾ മനസ്സിലാക്കേണ്ടതാണെന്നും അതിന് എല്ലാവിധ സഹായങ്ങളും നൽകാമെന്നും ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, വൈസ് പ്രിൻസിപ്പാൾ സ്മിജേഷ് എസ്.എം., ഡെപ്യൂട്ടി അഡൈ്വസർ എ. രാധമ്മ, മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ജനറൽ മാനേജർ പി.ബി.ചന്ദ്രബാബു, അസിസ്റ്റന്റ് ജനറൽ കൺവീനർ പി.വിജയകുമാരി, പി.റ്റി.എ. പ്രതിനിധി ബിന്ദു സുനിൽ, ശ്രീലതാദേവി അമ്മ ഡി, രഞ്ജിനി ബി, സ്കൂൾ ഹെഡ്ബോയ് നിതിൻ രാജ് തുടങ്ങിയവർ പങ്കെടുത്തു.

വിവിധപരീക്ഷണങ്ങളിലൂടെ കുട്ടികളുടെ സാങ്കേതിക കഴിവുകളെ തിരിച്ചറിയുന്നതിനു വേണ്ടിയുള്ള സംരംഭമാണ് അടൽ ടിങ്കറിംഗ് ലാബ്. ഇതോടൊപ്പം റോബോട്ടിക്സ് ലാബിന്റേയും പ്രവർത്തനമാരംഭിച്ചു.






# ഗുരുവാണി

ഒരു ഭക്തിയുണ്ടാകുമ്പോൾ ഒരു പ്രത്യേകസുഖം കൈവരും. ആ സുഖം വർദ്ധിപ്പിക്കുന്നതിന് ഒരു പ്രത്യേകരീതിയുണ്ട്. ആ സമയത്ത് ഭക്തിയില്ലാത്തവർ അടുത്തു വന്നാൽ നമ്മിൽ വളരുന്ന ഭക്തി വർദ്ധിപ്പിച്ചെടുക്കാൻ കഴിയുകയില്ല എന്നു മാത്രമല്ല, അതു മാറിപ്പോവുകയും ചെയ്യും. അയാളുടെ വാസന കൂടി നമ്മിൽ വന്നുചേരുകയും ചെയ്യും. വർദ്ധിച്ചുവരുന്ന ഭക്തി ഭംഗം കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ അനവധി ത്യാഗങ്ങൾ സഹിക്കേണ്ടി വരും. അങ്ങനെ ത്യാഗം സഹിച്ച ആളുകൾ നമ്മുടെ പരമ്പരയിൽ പ്രായേണ കുറവാണ്. ത്യാഗം സഹിച്ചു വർദ്ധിപ്പിച്ചെടുക്കുന്ന ഭക്തിയുടെ പൈതൃകസ്വഭാവമില്ലെങ്കിൽ ഭൗതികനേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയില്ല. അങ്ങനെ ഭക്തിയും ഭൗതികനേട്ടങ്ങളും നമുക്കു കുറവായിപ്പോയി.

യഥാർത്ഥ ഭക്തി വരുമ്പോൾ ഏതു പ്രവൃത്തി ചെയ്യുന്നതിനും മടിയുണ്ടായിരിക്കുകയില്ല. പ്രവൃത്തി ഭക്തിയുടെ കൂടെ നിൽക്കുന്ന ഒരു വിശേഷമാണ്. എത്ര പ്രവർത്തിച്ചാലും മടി വരുകയില്ല. ആ സമയത്തു പ്രവർത്തിക്കുന്നതിന് ഒരു പ്രത്യേക സുഖമുണ്ട്. പ്രവർത്തിയെടുത്തു വിയർത്തുപോകുന്നതുകൊണ്ടാണിത്. അതു നല്ലതാണ്. പക്ഷെ കൂടെ ഏതെങ്കിലും വിധത്തിലുള്ള വികാരമോ ക്ഷോഭമോ വന്നെന്നിരിക്കും. അവിടെ ക്ഷോഭം വന്നു കൂടാ. വലിയ വിനയം കാണിക്കുകയും വേണം. അതിൽക്കൂടി നമ്മുടെ കർമഗതി അറ്റുപോകും. എല്ലാറ്റിനോടും വലിയ സ്നേഹവും തോന്നും.

യഥാർത്ഥ ഭക്തിയുണ്ടായിക്കഴിയുമ്പോൾ സാവധാനമേ എഴുന്നേൽക്കൂ. സൗമ്യമായിട്ടേ പെരുമാറൂ. അതോടുകൂടി സാധാരണയല്ലാത്ത അനവധി ബുദ്ധികൾ വികസിക്കും. വേണ്ടതെന്തെല്ലാമാണോ അതെല്ലാം ചെയ്യാനുതകുന്ന ബുദ്ധിയാണത്. ഭക്തിയിലുണ്ടായ കർമം ചെയ്തുതീർക്കാത്തവന് എത്ര ജന്മം കഴിഞ്ഞാലും ആ കർമത്തെ അഴിക്കാൻ കഴിയുകയില്ല. ഈശ്വരശാപം പോലെ അതു പിൻതുടരുകയും ചെയ്യും.

ഭക്തിയുണ്ടാകുമ്പോൾ, 'എനിക്കു നീ ഇത്രയും ഭക്തി തന്നു, എല്ലാം മറക്കാനും നിന്നോടു കൂടുതൽ അടുക്കാനും കഴിഞ്ഞു. പക്ഷെ അടുത്ത നിമിഷം അതിനെയെല്ലാം തകർക്കാൻ പോന്ന നീചസ്വഭാവങ്ങളും നീ എനിക്കു തരുന്നു; അതിനുഞാനെന്തു ചെയ്യണം?' എന്ന് ഈശ്വരനോട് അർപ്പിച്ചു പ്രാർത്ഥിക്കണം. ഇങ്ങനെ പ്രാർത്ഥിക്കുന്നതോടൊപ്പം ദോഷങ്ങൾ മാറാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും കൂടി ചെയ്യുകയാണെങ്കിൽ അനവധി കരച്ചിലുണ്ടാകും. ഇങ്ങനെ പത്തുപ്രാവശ്യം കരഞ്ഞാൽ വളരെ വലിയ മാറ്റങ്ങൾ നമുക്കുണ്ടാകും, അതോടൊപ്പം ഒരു ദോഷവും.

പണ്ടൊരു സന്ന്യാസിയുണ്ടായിരുന്നു. ഭക്തികൊണ്ട് യുക്തിയും ബുദ്ധിയും വികസിച്ച സന്ന്യാസി. അയാൾക്കൊരു ദോഷമുണ്ടായിരുന്നു. അയലത്ത് ഒരു അഭിസാരിക താമസിച്ചിരുന്നു. അഭിസാരികയാണെങ്കിലും അവൾക്കൊരു ഗുണമുണ്ടായിരുന്നു. ആരെയും ദുഷിക്കുകയില്ല. ഞാനാണു എല്ലാവരെക്കാളും ചീത്ത എന്നേ അവൾക്ക് വിചാരമുള്ളൂ. താൻ തെറ്റു ചെയ്യുന്നവളാണ്. സന്ന്യാസിക്കൊരു വിചാരമുണ്ടായിരുന്നു, ഞാൻ ഇവളെ ഇവിടെ നിന്നോടിക്കും. ഈ അഭിസാരികയെക്കുറിച്ച് എല്ലാവരോടും ദുഷിച്ചു പറയും. പക്ഷെ സന്ന്യാസിയുടെ ഈ വിദ്വേഷം കൊണ്ട് അയാൾ നശിച്ചു.

ഇങ്ങനെ നശിച്ചതിന്റെ കാരണമറിയാൻ ഈ സന്ന്യാസി ഒരു ഗുരുവിനെ സമീപിച്ചു. ഗുരു പറഞ്ഞു, 'വിദ്വേഷം ആഭിചാരമാണ്. ആഭിചാരം കൊണ്ട് നിങ്ങളുടെ തപോബലം നഷ്ടപ്പെട്ടു. എന്നാൽ ആ അഭിസാരിക അങ്ങനെയല്ല. ഏതോ ഒരു കർമഗതിയിൽ അവൾക്കങ്ങനെയൊരു കർമം വന്നു പോയി എന്നല്ലാതെ മനസ്സിനെ എപ്പോഴും നല്ലതായി വയ്ക്കണം എന്ന ചിന്തയുള്ളവളാണ്. തെറ്റു ചെയ്തുപോയാൽ അതേക്കുറിച്ചെരു പശ്ചാത്താപചിന്ത പുലർത്തുന്നവരോട് ഈശ്വരനു കരുണയുണ്ടാകും'. ഭക്തി വരുമ്പോൾ ശബ്ദത്തിനുപോലും സുഖകരമായ ഒരു മൃദുതാളം വന്നു ചേരും. ബഹുലതകളൊഴിച്ച് അതു ശാന്തവും മന്ദവുമാകും. ഭക്തി വരുമ്പോൾ നമുക്കു നമ്മളറിയാതെ അനവധി ഭാവനകൾ ഉണർന്നു പൊങ്ങും. ആദ്യഘട്ടങ്ങളിൽ കരയാനും പറയാനും മാത്രമേ കഴിയൂ. അങ്ങനെ അനവധി ഘട്ടങ്ങൾ പിന്നിടുമ്പോൾ വികാരക്ഷോഭങ്ങളെല്ലാം മരിച്ച് ഒന്നുമറിഞ്ഞുകൂടാത്ത അവസ്ഥ വന്നുചേരും. ഈ ഭാവമാറ്റങ്ങളെ അതീവശ്രദ്ധയോടെ തിരിച്ചറിയണം.

## വചനദീപ്തി

*മുഖ്യമായും മഹത്തുക്കളുടെ കൃപ*
*കൊണ്ടാണ് ഭക്തിയുണ്ടാകുന്നത്.*

**നാരദഭക്തിസൂത്രങ്ങൾ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

5.08.2019 – കരുണപുരം, 9.08.2019 – ലക്ഷ്മിപുരം, കാഞ്ഞാംപാറ, 10.08.2019 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2019 ആഗസ്റ്റ് 8 : 3 AM- 6 AM

# 'സങ്കൽപമാത്രേണ പരമേശ്വരഃ'

**പ്രകാശപഥം**

ഗുരു, ആ സാക്ഷിരൂപവും അതിന്റെ ചൈതന്യവിശേഷവും അനുഭവിച്ചറിയുന്ന നിമിഷാർദ്ധം; നമ്മൾ ഓരോരുത്തരും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഇപ്പോഴല്ലെങ്കിൽ ഏതെങ്കിലുമൊരു യുഗാന്തരധർമത്തിൽ ഗുരുവിനോടടുത്തു കഴിഞ്ഞിട്ടുണ്ട് എന്നു നാം അറിയുന്നു. അങ്ങനെ ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വത്തിലെ ജ്യോതിസ്വരൂപമാണ് നാം അനുഭവിച്ചറിയുന്ന ആ നിമിഷാർദ്ധം. ഗുരു സകലധർമാത്മാവായിരിക്കുന്നുവെന്ന് നാം അനുഭവം കൊണ്ടറിയുന്നു.

ആ അനുഭവം ശിഷ്യൻ ഗുരുവുമായി പങ്കുവയ്ക്കുന്ന സ്വഭാവത്തിനാണ് നാം ഓരോരുത്തരും നമ്മുടെ കർമഗതിയെ ഗുരുവിങ്കലേക്കർപ്പിക്കുന്ന ഒരു ഘോഷയാത്രയുടെ സ്വഭാവത്തിൽ നാം ചെയ്യുന്നത്.

ഇതിനു മുമ്പും നാം അനവധി കുംഭമേളകൾ നടത്തിയിട്ടുണ്ട്. അല്ലെങ്കിൽ തന്റെ സങ്കല്പം ഇന്നതുപോലെ ഇരിക്കണം, അത് ഇന്നതായിരിക്കണം, അത് ഇന്നതുപോലെ ചെയ്താൽ ദൈവാനുഗ്രഹം ഉണ്ടാകും അല്ലെങ്കിൽ കൃപാകടാക്ഷം ഉണ്ടാകും എന്ന് ബ്രഹ്മത്തിൽ നിന്നൊരറിയിപ്പുണ്ട്. ആ അറിയിപ്പ് സാക്ഷാത്കരിക്കുന്ന സ്വഭാവമാണ് 'സങ്കൽപമാത്രേണ പരമേശ്വരഃ'എന്ന സ്വഭാവത്തിൽ 'ഗുരുപൂജ'എന്നു നാം പറയുന്ന ആ കർമത്തിന്റെ വലിപ്പം നിഗൂഢവും എന്നാൽ ആ നിഗൂഢരഹസ്യങ്ങളിലേക്ക് നീങ്ങുമ്പോൾ താനും ഗുരുവുമായി പങ്കുവയ്ക്കുന്ന ആത്മീയാനുഭവങ്ങളെ അളക്കാനും അല്ലെങ്കിൽ ആ അളവ് മനുഷ്യ ചേതനയുമായിട്ടു പങ്കുവയ്ക്കാനും കഴിയാത്ത നിമിഷാർദ്ധമായ് അത് മാറുന്നു. അങ്ങനെ ഗുരുവും ശിഷ്യനും ഭക്തിയുടെ സാന്ദ്രതയിലേക്കു പോയിട്ട് ഒരു ദേവനോ ദേവിയോ ഋഷിയോ ജ്ഞാനിയോ ഭക്തനോ സന്ന്യാസിയോ ആരോ ആകട്ടെ ഏതെല്ലാം സന്നിധാനങ്ങൾ കടന്നു വരുന്നു, ആ സന്നിധാനങ്ങൾ കണ്ടിട്ട് ഈ ഗുരുവിന്റെ ദീർഘദർശിത്വസ്വഭാവമുള്ള ഏതു മണ്ഡലത്തിലെ പ്രകാശരൂപം കൊണ്ടാണ് ഈ വിശ്വസിക്കുന്ന വകയെ പൊട്ടിക്കുന്നതെന്ന് അനുഭവസാക്ഷിയായിത്തീരണം. ആ അനുഭവസാക്ഷിത്വമാണ് ശാന്തിഗിരിയുടെ ഉദ്ദേശ്യവും ലക്ഷ്യവും ഗുരുപൂജയും. ആ ഗുരുപൂജയുടെ നിർമ്മലസ്വഭാവം പിന്നെ തന്റെ ജീവൻമുക്തിയിലേക്കും വഴിതെളിക്കും.

ഒരു സംഭവം, ഞാൻ എന്റെ രക്ഷാകർത്താക്കളും ഗുരുവിന്റെ മക്കളുമായിരിക്കുന്ന അവകാശപ്പെട്ട ഓരോരുത്തരോടും പങ്കുവയ്ക്കാൻ എനിക്ക് ഈ നിമിഷം തോന്നുന്നു. കാരണം ഈ കുംഭമേള എന്നു പറയുന്ന ഈ സുദിനം ഏതെല്ലാം സന്നിധാനങ്ങൾ കടന്നാണ് ഗുരുവിന് ഈ ജന്മത്തുതന്നെ ബ്രഹ്മനിശ്ചയത്തിന്റെ ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിക്കുവാൻ വേണ്ടി അറിയിപ്പായിക്കിട്ടിയത്.

'ഞാൻ യുഗാന്തരങ്ങളായി ആഗ്രഹിച്ച കാര്യം ഇന്ന് നടപ്പിലായി' എന്ന് ഒരു ദിവസം 5 മണിക്ക് 5 മിനുട്ട് ഉള്ളപ്പോൾ ബ്രഹ്മപ്രകാശത്തിൽ നിന്ന് കിട്ടുന്ന ഒരു വാക്കാണ്. അന്ന് ഗുരു നമ്മളോരോരുത്തരോടും പറഞ്ഞു,'ഇതെന്താണെന്ന് നിങ്ങളോരോരുത്തരും പോയി നോക്കണം, നിങ്ങൾക്ക് എന്തുകിട്ടുന്നു എന്നറിയട്ടെ'.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# തീർത്ഥ സങ്കല്പങ്ങൾ

പുണ്യത്തിന്റെ സാന്ദ്രസാന്നിദ്ധ്യം വഹിക്കുന്ന കാലങ്ങളും ദേശങ്ങളും ഉണ്ട്. ഗ്രഹങ്ങളുടെ യോഗങ്ങളും സംക്രമങ്ങളും സംഭാവന ചെയ്യുന്ന പുണ്യവേളകൾ സുദിനങ്ങളും സൻമുഹൂർത്തങ്ങളുമായി. ഇപ്രകാരം പുണ്യപൂരത്തിന്റെ അവസ്ഥാസവിശേഷതകൾ ഭൂഗോളത്തിൽ പല സ്ഥലജലവിഭാഗങ്ങളിലും ഉള്ളതായി അനുഭവപ്പെടുകയാൽ ആ പ്രദേശങ്ങൾ പ്രഖ്യാതങ്ങളായിത്തീർന്നു. കാശി, രാമേശ്വരം, ദ്വാരക, വൃന്ദാവനം, ഋഷികേശം, ബദരീനാഥം, ജെറുസലേം, മെക്ക, ബുദ്ധഗയ തുടങ്ങിയ സ്ഥലനാമങ്ങളും ഗംഗോത്രി, ഗംഗ, യമുന തുടങ്ങിയ ജലതീർത്ഥങ്ങളും ഇതിന് ഉദാഹരണമാണ്. കന്യാകുമാരിയിൽ ഒരു പാറയിൽ തുടങ്ങുന്ന ആത്മീയ ഭൂമദ്ധ്യരേഖ കേരളത്തിന്റെ പടിഞ്ഞാറേ പുറവരിക്കടുത്തുകൂടി ദീർഘദൂരം കടന്നുപോകുന്നു. സൂര്യരശ്മികൾ ഋജുവായി പതിക്കുകയാൽ ഈ ഭാഗം തീർഥസങ്കൽപങ്ങളിൽ പ്രാധാന്യം വഹിക്കുന്നു. പ്രത്യേകിച്ചും കന്യാകുമാരിയിലും പ്രാന്തപ്രദേശങ്ങളിലും നിരവധി തപോധനൻമാർ ഉള്ളതിന്റെ നല്ലൊരുപങ്ക് കഴിച്ചുകൂട്ടിയിട്ടുള്ളതും അവസാന ദിനങ്ങൾ അവിടെത്തന്നെ ആയിരിക്കാൻ ശ്രദ്ധിച്ചിരുന്നതായും തെളിവുകളുണ്ട്. ഐതിഹ്യസമാനമായ കഥകളും സമാധിസ്ഥാനങ്ങളും ഈ തെളിവുകളിൽപ്പെടുന്നു.

സാന്ദ്രമായ സ്നേഹം അഥവാ ഭക്തി ആനന്ദമാണ്. ശുദ്ധമായ ജീവഭാവം കാരുണ്യത്തിൽ ആമഗ്നമാകുമ്പോൾ ആ സ്നേഹം ലോകനൻമയ്ക്കായുള്ള പ്രത്യേക സങ്കൽപ്പങ്ങളിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിന്റെ അതിമൃദുലമായ ഈ ആനന്ദഭാവം സർവജീവജാലങ്ങളിലേക്കും പ്രവഹിക്കുന്ന സ്നേഹഭാവനയായും അനുകമ്പയായും അനുഭവപ്പെടുന്നത് മഹാത്മാക്കളുടെ ജീവിതവും കർമബന്ധവും വിലയിരുത്തിക്കാണുമ്പോഴാണ്. സ്വജീവനും സ്വജീവിതവും മാത്രം നൻമപ്പെടുത്തുവാൻ ശ്രമിക്കുന്ന ഒറ്റപ്പെട്ട സന്ന്യാസവും ത്യാഗവും അല്ല ഇവിടെ പരാമർശിക്കുന്നത്. കഥാബിന്ദുക്കളെന്നതിൽക്കവിഞ്ഞ് അവരുടെ ജീവിതവും കർമവും സാമൂഹ്യപ്രതിബദ്ധതയ്ക്ക് ഒരു മാതൃകയാവുന്നില്ല.

പൂർവികമായ ധ്യാനതപസ്സുകളുടെ സ്നേഹപൈതൃകമാണ് ആർഷധന്യതയെ ആരാധനാപൂർവം നോക്കിക്കാണാൻ ലോകത്തെ പ്രേരിപ്പിച്ചത്. ആ പൈതൃകത്തിന്റെ സമാഹാരത്തിൽ ചെറുകണികകൾ തുടങ്ങി വലിയ തേജഃപുഞ്ജങ്ങൾ വരെയുണ്ടാവാം. ഓരോ ഭാവത്തിനും അതിന്റേതായ സ്ഥാനവും കർമവും കല്പിതമായിരിക്കുന്നു. അതു മനസ്സിലാക്കാൻ പ്രപഞ്ചസംവിധാനം വിലയിരുത്താനും വിവേചിച്ചറിയാനും അർഹത നേടിയ ഗുരുവിലൂടെ മാത്രമേ കഴിയുകയുള്ളൂ.

ഘടനാപരമായ ഭൂമിശാസ്ത്രവും കർമപരമായ ചരിത്രവും ആത്മീയവശത്തെ ധർമനിബന്ധനകളും നൈതികസങ്കൽപങ്ങളും സമസ്തവും നിയന്ത്രിക്കുന്ന ഏകമായ ബൃഹത്തത്വത്തിനു വിധേയമായിരിക്കുന്നു. ഈവക കാര്യങ്ങൾ ഗുരുവിലൂടെ അറിയാറാകുമ്പോൾ മാത്രമേ ശിഷ്യന്റെ ധാർമികവും കാർമികവുമായ പ്രതിബദ്ധതയെക്കുറിച്ചുള്ള ഉണർവ് ഉദിക്കുകയുള്ളൂ. ഈ ഉണർവിൽ നിന്നും കർമ ധർമ സംപ്രാപ്തികളിലേക്ക് അവബോധപരമായ അനുഭൂതിതലത്തിലൂടെ ശിഷ്യൻ ഗുരുവിനാൽ നയിക്കപ്പെടുന്നു. ഇതിന്റെ പ്രസക്തിയിൽപ്പെട്ടുവരുന്ന യുഗധർമത്തിനും പഞ്ചധർമങ്ങൾക്കും നൽകപ്പെട്ടിരിക്കുന്ന പ്രാമുഖ്യം എടുത്തുകാണേണ്ട വിഷയമാണ്. ഇതു ധർമമാർഗ്ഗത്തിലൂടെ ചരിത്രത്തിന്റെ തീർഥപ്രയാണമാണ്. ഇതിന്റെ ഭാഗമായി ഉദയം കൊള്ളുന്ന തീർഥസങ്കല്പങ്ങൾ ഗുരുവിന്റെ കാരുണ്യസ്ഫുരണത്തിൽ നിന്നും രൂപംകൊള്ളുകയാണ്. അവബോധത്തിന്റെയും അനുഭൂതിയുടെയും ആത്മീയ സംപ്രാപ്തങ്ങളുടെ സത്യനിഷ്ഠമായ അനുഭവങ്ങളും വിശദീകരണപരവും മാർഗദർശകവുമായ തിരുത്തുകളാൽ ഗുരു ശിഷ്യനെ പരിരക്ഷിക്കുന്നതും എല്ലാംതന്നെ ദൈവകാരുണ്യത്താൽ പൂർവനിശ്ചിതമായ ഒരു സ്നേഹസംവിധാനമാകുന്നു.

## മസ്തിഷ്ക ശാസ്ത്രത്തിൽ ധ്യാനത്തിനും യോഗയ്ക്കുമുള്ള പ്രാധാന്യം : ശാന്തിഗിരിയിൽ സെമിനാർ നടന്നു

**സ്പിരിചൽ സോൺ:** ആധുനിക മസ്തിഷ്ക ശാസ്ത്രത്തിൽ ധ്യാനത്തിനും യോഗയ്ക്കുമുള്ള പ്രാധാന്യത്തെക്കുറിച്ച് ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സെമിനാർ സംഘടിപ്പിച്ചു. ജൂലൈ 19ന് നടന്ന സെമിനാർ ബംഗലുരു വ്യാസ സർവ്വകലാശാല അവബോധ ശാസ്ത്ര ഗവേഷണ വിഭാഗം മേധാവി ഡോ.ലക്ഷ്മി എം. ഷെഖർ ഉദ്ഘാടനം ചെയ്തു.

പൗരാണിക ഭാരതത്തിലെ ഋഷിമാരും ഗുരുക്കന്മാരും ശരീരത്തിന്റേയും മനസ്സിന്റേയും ആത്മാവിന്റേയും സൂക്ഷ്മ പ്രവർത്തനങ്ങൾ സമഗ്രമായി വിശകലനം ചെയ്തും വിശദീകരിച്ചും തയ്യാറാക്കിയ ഭാരതീയ ശരീരശാസ്ത്രഗ്രന്ഥങ്ങൾ ഇന്നും ലോകത്തിന് പഠനവിഷയമാണെന്ന് അവർ പറഞ്ഞു. ആധുനിക മസ്തിഷ്ക ശാസ്ത്ര ഗവേഷകർക്ക് അത്ഭുതവും മാതൃകയുമാണ് ആർഷഭാരത ദർശനങ്ങൾ. മനുഷ്യമസ്തിഷ്കത്തിൽ ധ്യാനം, യോഗ എന്നിവ വൻരാസപ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ഗവേഷണ പഠനങ്ങളാണ് പുറത്തുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ പൗരാണിക ഭാരതശരീരശാസ്ത്രത്തെക്കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് അവർ പറഞ്ഞു.



*ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സെമിനാർ ഡോ.ലക്ഷ്മി എം. ഷെഖർ ഉദ്ഘാടനം ചെയ്യുന്നു*

ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ മുൻ വൈസ് ചെയർമാൻ പ്രൊഫ.ഡോ.കെ.നാരായണൻ നായർ അദ്ധ്യക്ഷനായിരുന്നു.സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായി. നവജ്യോതി ശ്രീ കരുണാകരഗുരു റിസർച്ച് സെന്റർ ഫോർ ആയുർവേദ & സിദ്ധ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി.തങ്കമണി, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ജനറൽമാനേജർ ജി.ജനാർദ്ദന മേനോൻ, ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ ഇൻസ്ട്രക്ടർ എൻ.ശ്രുതി എന്നിവർ സംസാരിച്ചു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സീനിയർ ഫെലോ ഡോ.കെ.ഗോപിനാഥൻ പിള്ള സ്വാഗതവും ചീഫ് ഫെലോ ഡോകെ.രാജശേഖരൻ നയ്യാർ നന്ദിയും പറഞ്ഞു.

## 'കുറിച്ചിടാത്തൊരു കണക്കു പുസ്തകം' ഹ്രസ്വചിത്രം ശ്രദ്ധേയമായി

**തിരുവനന്തപുരം :** ആഗസ്റ്റ് 2 മുതൽ 4 വരെ തിരുവനന്തപുരത്ത് നടന്ന മലയാളം ഷോർട്ട് ഫിലിം ഫെസ്റ്റിവെലിൽ പ്രദർശിപ്പിച്ച 'കുറിച്ചിടാത്തൊരു കണക്കു പുസ്തകം' ഹ്രസ്വചിത്രം ശ്രദ്ധേയമായി. അമ്മയ്ക്ക് കുടുംബത്തിലുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള സന്ദേശവുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളാണ് ഇതൊരുക്കിയത്. അമ്മയുടെ മഹത്വം മനസ്സിലാക്കാതെ ശൈഥില്യം സംഭവിക്കുന്ന കുടുംബാന്തരീക്ഷം, അതുമൂലം പെരുകിവരുന്ന വൃദ്ധസദനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്ന ഇന്നത്തെ സമൂഹത്തിൽ അതിനെതിരെയുള്ള ബോധവത്കരണമാണ് ഹ്രസ്വചിത്രം മുന്നോട്ടു വയ്ക്കുന്നത്. ഈ ഹ്രസ്വചിത്രത്തിന്റെ ഗാനരചനയും സംവിധാനവും അദ്ധ്യാപിക ബിന്ദു നന്ദനയും തിരക്കഥ എം.ഗോപകുമാറും ഛായാഗ്രഹണം സംഘമിത്രൻ കെ.യുമാണ് നിർവ്വഹിച്ചിരിക്കുന്നത്.

ശാന്തിഗിരി വിദ്യാഭവന്റെ 'പ്രകാശത്തിന്റെ കനൽവഴികൾ' എന്ന ഹ്രസ്വചിത്രവും പ്രേക്ഷകശ്രദ്ധ നേടി.

## ദിനചര്യക്കും കർക്കിടക ചികിത്സക്കും ദൈനംദിന ജീവിതത്തിലുള്ള പ്രാധാന്യം

**ഡോ. അംബാൾ വി.എസ്.**
*മെഡിക്കൽ ഓഫീസർ (ആയുർവേദ) ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല ഒ.പി. ക്ലിനിക്, പോത്തൻകോട്*

ദൈനംദിന ജീവിതത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് 'ദിനചര്യ'. കാലാവസ്ഥ മാറുന്നതിനനുസരിച്ചും അതാത് ഋതുക്കൾക്കനുസരിച്ചും നമ്മൾ അനുഷ്ഠിക്കേണ്ട രീതികളാണ് 'ഋതുചര്യ'.

ദിനചര്യ എന്നുദ്ദേശിക്കുന്നത് പുലർച്ചേ ഈശ്വരചിന്തയോടെ എഴുന്നേറ്റ് ശൗചകർമ്മങ്ങൾക്കു ശേഷം ശരീരസ്ഥിതിക്കനുസൃതമായ തൈലങ്ങൾ നെറുകയിലും ദേഹത്തും പുരട്ടി ഔഷധങ്ങളിട്ടു വെന്ത വെള്ളത്തിൽ സ്നാനകർമ്മങ്ങൾക്കു ശേഷം ഈശ്വരപ്രാർത്ഥന, വ്യായാമം ഇവ അനുഷ്ഠിക്കേണ്ടതാണ്. പത്ഥ്യക്രമങ്ങളനുസരിച്ചുള്ള ആഹാരനിഷ്ഠ പാലിക്കേണ്ടത് അത്യാവശ്യമാണ്. ശുദ്ധവായു, ശുദ്ധജലം, പരിസരശുചിത്വം ഇവയും സൂക്ഷിക്കേണ്ടതാണ്. കർക്കിടകമാസ ചികിത്സ എന്നുദ്ദേശിക്കുന്നതു കൊണ്ട് കാലഭേദങ്ങൾക്കനുസൃതമായി ശരീരത്തിൽ വരുന്ന മാറ്റങ്ങൾ അതാത് ത്രിദോഷങ്ങളുടെ (വാതം, പിത്തം, കഫം) അസന്തുലിതാവസ്ഥയെ സന്തുലിതാവസ്ഥയിലേക്ക് കൊണ്ടുവരികയാണ് ചെയ്യുന്നത്. 'ത്രിദോഷങ്ങളുടെ സമാവസ്ഥയാണ് ആരോഗ്യം'.

ഏവർക്കും ആരോഗ്യരക്ഷ എന്ന ആഗ്രഹത്തോടെയും വിശാലമനസ്സോടും സ്പർദ്ധയില്ലാതെയും പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയുമുള്ള കൂട്ടായ്മ ആരോഗ്യരംഗത്ത് അവിശ്വസനീയമായ പുരോഗതി സാദ്ധ്യമാക്കും.

മഹാഋഷിമാരും ആയുർവേദാചാര്യന്മാരും സംഭാവന ചെയ്ത ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ ആയുർവേദം നവസാങ്കേതിക യുഗത്തിലും മനുഷ്യനിർമ്മിത ബുദ്ധിയുടെ കാലഘട്ടത്തിലും യശസ്സുയർത്തി നിൽക്കും മാനവരാശി ഉള്ളിടത്തോളം കാലം.

## ദിവംഗതരായി

**ഇടുക്കി :** ആദ്യകാല ഗുരുഭക്തനായ നെടുങ്കണ്ടം പട്ടണത്തുചേരിൽ വീട്ടിൽ എം.കൃഷ്ണൻകുട്ടി (65) ജൂലൈ 30ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ : രമാഭായി. മക്കൾ : ഗുരുജിത് പി.കെ., ജയസിംഹൻ പി.കെ. (മെറ്റീരിയൽസ് മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം), ജയശ്രീ പി.കെ. മരുമക്കൾ : പ്രിയ സി., ദിവ്യ, രാജേഷ്മോൻ സി.ബി.



*എം.കൃഷ്ണൻകുട്ടി*

**കാഞ്ഞാംപാറ:** ആദ്യകാല ഗുരുഭക്തനായ കാഞ്ഞാംപാറ ജ്ഞാനപ്രിയത്തിൽ ഗോപാലകൃഷ്ണൻ എൻ. (75) ആഗസ്റ്റ് 1ന് ദിവംഗതനായി. ഭാര്യ : ദിവംഗതയായ പ്രസന്ന വി. മക്കൾ : സജീവ് ജി.പി., ജനമഹിമ ജി.പി. (ടീച്ചർ, ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ), ദീപ്തി ജി.പി., മരുമക്കൾ : ശാന്തമ്മ റ്റി.എസ് (ഓഫീസ് ഓഫ് ദി ജോയിന്റ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം), അനീഷ് ജി.ആർ., ബിനു ആർ.



*ഗോപാലകൃഷ്ണൻ എൻ.*

**കൊല്ലം :** ആര്യങ്കാവ് കരിമ്പിൽ വീട്ടിൽ സുകുമാരൻ നായർ ആർ (86) ജൂലൈ 28ന് ദിവംഗതനായി. സംസ്കാരം നടന്നു. ദീർഘകാലം ആശ്രമം സ്പിരിചൽ സോൺ സെക്യൂരിറ്റിയായി സേവനം അനുഷ്ഠിച്ചിരുന്നു. ഭാര്യ: ചെല്ലമ്മ സി., മക്കൾ: സി. തങ്കമണി, എം.എസ്.അപ്പുക്കുട്ടൻ നായർ, എസ്.നന്ദകുമാരൻ നായർ, സി.കുമാരി. മരുമക്കൾ : വിശ്വനാഥൻ നായർ, രാജലക്ഷ്മി എ., ദീപാനന്ദൻ.



*സുകുമാരൻ നായർ ആർ*

**കോഴിക്കോട് :** എരഞ്ഞിപ്പാലം ചാണാശേരി വീട്ടിൽ കല്യാണി സി. (91) ജൂലൈ 25ന് ദിവംഗതയായി. സംസ്കാരം നടന്നു.
ഭർത്താവ് : ദിവംഗതനായ ഗോപാലൻ.
മക്കൾ : പുഷ്പ പി., പ്രകാശൻ സി. ചന്ദ്രബാബു സി., വേണു സി., മുരളി സി., സുരേഷ് സി. മരുമക്കൾ : പുരുഷു പി., ബേബി, പ്രസന്ന, ഉഷ, പുഷ്പവല്ലി, ലിജി.



*കല്യാണി സി.*

**ശ്രീകാര്യം :** ചെറുവയ്ക്കൽ ചർച്ച് ലൈൻ ബി.എസ്. നിവാസിൽ എസ്.അപ്പുക്കുട്ടൻ (87) ജൂലൈ 20ന് ദിവംഗതനായി. സംസ്കാരം നടന്നു.
ഭാര്യ: കൃഷ്ണമ്മ എൻ.
മക്കൾ : ഗീത കെ., ബിന്ദു കെ., സജികുമാർ എ. (ഡെപ്യൂട്ടി കൺവീനർ, ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം, തിരുവനന്തപുരം ഏരിയ കമ്മിറ്റി). മരുമക്കൾ : ജയപാൽ, സന്തോഷ്കുമാർ, സജിത കെ.



*എസ്.അപ്പുക്കുട്ടൻ*

# ശാന്തിഗിരി വിദ്യാഭവനിൽ 'മധുരവനം' പദ്ധതി

**എജ്യൂക്കേഷൻ സോൺ :** ഫലവൃക്ഷത്തൈകൾ സ്കൂൾ വളപ്പിൽ നട്ടുസംരക്ഷിക്കുന്നതിനായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'മധുരവനം' പദ്ധതിക്ക് തുടക്കമായി. പ്ലാവ്, മാവ്, പേര, സപ്പോട്ട തുടങ്ങിയ വിവിധ വൃക്ഷങ്ങൾ സ്കൂൾ പരിസരത്ത് നട്ട് പരിപാലിക്കും. പരിപാടിയുടെ ഉദ്ഘാടനം അടൂർ പ്രകാശ് എം.പി. വിദ്യാർത്ഥി പ്രതിനിധിക്ക് വൃക്ഷത്തൈ നൽകി നിർവ്വഹിച്ചു. അദ്ധ്യാപിക ബിന്ദു നന്ദന നേതൃത്വം നൽകി.



*'മധുരവനം' പദ്ധതി അടൂർ പ്രകാശ് എം.പി. ഉദ്ഘാടനം ചെയ്യുന്നു*


ഗുരുചരണം ശരണം

## സമ്പൂർണ്ണ ഗുരുവാണി

**ഒന്നാംവാല്യം നവപൂജിതത്തിന് പ്രസിദ്ധീകരിക്കുന്നു**

**മുഖവില 700 രൂപ – നവപൂജിത ദിവസം 500 രൂപയ്ക്ക് പുസ്തകം ലഭിക്കും**

**ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു**


# 'മാമാങ്കം' അഭിനേതാക്കളോടൊപ്പം ഒരു സായാഹ്നം

**കൊച്ചി :** ചരിത്രപ്രാധാന്യമുള്ള മാമാങ്കത്തെ അടിസ്ഥാനമാക്കി എം. പത്മകുമാർ സംവിധാനം ചെയ്ത് മമ്മൂട്ടി മുഖ്യവേഷത്തിലെത്തുന്ന'മാമാങ്കം' സിനിമയുമായി ബന്ധപ്പെട്ട് മലയാള മനോരമ സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനി കമലം ജി. വിജയിയായി. മാമാങ്കത്തെക്കുറിച്ച് നടത്തിയ ഉപന്യാസരചനാ മത്സരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഈ സിനിമയുടെ കൊച്ചിയിലെ സെറ്റിൽ അഭിനേതാക്കളോടൊപ്പം ഒരുസായാഹ്നം ചെലവഴിക്കുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്.



*കമലം ജി.*

## ആഗസ്റ്റ് ലക്കം വിപണിയിൽ




# ശാന്തിഗിരി ഷോപ്പിംഗ്മാൾ പുതുമോടിയിൽ

**റിസർച്ച് സോൺ :** ഈ വർഷത്തെ 'നവപൂജിതം', ഓണം ആഘോഷങ്ങൾക്കായി ശാന്തിഗിരി ഷോപ്പിംഗ്മാൾ പുതുമോടിയിൽ ഒരുങ്ങി. വെള്ളത്തുണിത്തരങ്ങളുടെ വിപുലമായ ശേഖരം എത്തിയിട്ടുണ്ട്. സാരികൾ, റെഡിമെയ്ഡ് ഷർട്ടുകൾ, ചുരുദാർ, മിഡി, ഫ്രോക്ക്, കുഞ്ഞുടുപ്പുകൾ തുടങ്ങിയവയ്ക്ക് ആടി ഡിസ്കൗണ്ട് സെയിൽസ് ആരംഭിച്ചിരിക്കുന്നു.

എല്ലാ പ്രൊവിഷൻ സാധനങ്ങളും സ്റ്റീൽ, പ്ലാസ്റ്റിക്, കയർ, കുഷ്യൻ മാറ്റുകൾ, സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവയും വിലക്കുറവിൽ ലഭ്യമാണ്. കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളുടെ ശേഖരവും ഷോപ്പിംഗ്മാളിൽ ഒരുക്കിയിരിക്കുന്നു.





LIC അവതരിപ്പിക്കുന്നു

## കാൻസർ കവർ പോളിസി

"ആവശ്യം വരാതിരിക്കട്ടെ എങ്കിലും ഒരു കരുതൽ"

**കാൻസറിനെതിരെ പൊരുതുന്നതിന് സാമ്പത്തിക സംരക്ഷണം**

ഈ പദ്ധതിയെ കുറിച്ച് കൂടുതൽ അറിയുന്നതിനായി ഈ നമ്പറുമായി ബന്ധപ്പെടുക
Unnikrishnan K ⓜ 9447856669, 735696622

MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI

N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029



Phone : 0471-3050000, Mob: 9544040001



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala